ഉത്തരം

(എ) സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളെ പഞ്ചായത്തുകൾക്ക് നൽകേണ്ടുന്ന കെട്ടിടനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പിൽ 2013-ൽ വരുത്തിയ ഭേദഗതി പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറിതലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും, അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളേയും വസ്തു നികുതി, ഉപനികുതി മുതലായവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി&സി) അൺ എയ്ഡഡ് സ്കൂളുകളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാൽ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ കെട്ടിട നികുതിയും ഒഴിവാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

360 (1804) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 നവംബർ 30-ന്റെ കണക്കനുസരിച്ച് ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് , ജില്ലാ പഞ്ചായത്ത് എന്നിവയുടെ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് നൽകുമോ ;

(ബി) ചെലവിനത്തിൽ നന്നേ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) സാമ്പത്തിക വർഷം അവസാനിക്കുവാൻ വളരെ ചുരുങ്ങിയ ദിവസങ്ങൾ മാത്രം അവശേഷിക്കുന്ന സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതം മുഴുവൻ ചെലവഴിക്കുവാൻ കഴിയുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന് സാമ്പത്തിക പ്രതിസന്ധി കാരണമാകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾ 802.97 കോടി രൂപയും (23.28%) ബ്ലോക്ക് പഞ്ചായത്തുകൾ 176.53 കോടി രൂപയും (28.43%) ജില്ലാ പഞ്ചായത്തുകൾ 228.36 കോടി രൂപയും (17.15%) ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നന്നേ കുറവ് വന്നിട്ടില്ല.

(സി) മുഴുവൻ ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി പദ്ധതി അംഗീകാര നടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കിയിരുന്നു. പദ്ധതി നിർവ്വഹണം വേഗത്തിലാക്കാനുള്ള നടപടികൾ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിൽ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു. സാമ്പത്തിക ഞെരുക്കം പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടില്ല.

സംസ്ഥാനത്തെ കുളങ്ങളുടെ സംരക്ഷണം

361 (1805) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളങ്ങളുടെ സംരക്ഷണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) ഏതെല്ലാം കേന്ദ്രസംസ്ഥാന പദ്ധതികളിൽപ്പെടുത്തിയാണ് കുളങ്ങളുടെ സംരക്ഷണം ഉറപ്പ് വരുത്താൻ നിർദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 12-ാം പഞ്ചവത്സര പദ്ധതിയിൽ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച സ.ഉ.(എംഎസ്.) നമ്പർ 362/13/തസ്വഭവ, 16-11-2013 പ്രകാരം മാർഗ്ഗരേഖയിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മണ്ണ്, ജലസംരക്ഷണ പ്രവൃത്തികൾ എന്നതിൽ കുളങ്ങൾ വൃത്തിയാക്കൽ, ചെളിയെടുക്കൽ, ആഴംകൂട്ടൽ തുടങ്ങിയവ ഉൾപ്പെടെയുള്ള പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് 6-11-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 362/13/തസ്വഭവ 1 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly